**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1754** **02-02-2024 - ൽ മറുപടിയ്ക്ക്**

**ജനപ്രതിനിധികളായി പ്രവർത്തിച്ച കാലയളവ് ഔദ്യോഗിക സർവീസിന്റെ ഭാഗമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് കോളേജ് ജീവനക്കാരോ അധ്യാപകരോ ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടാൽ അവർ ജനപ്രതിനിധികളായി പ്രവർത്തിച്ച കാലയളവ് ഔദ്യോഗിക സർവീസിന്റെ ഭാഗമായി കണക്കാക്കുവാൻ വ്യവസ്ഥ ഉണ്ടോ; വിശദാംശം നൽകുമോ; | (എ) | എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാർ തദ്ദേശ സ്ഥാപനത്തിലേക്കോ, നിയമസഭയിലേക്കോ, പാർലമെന്റി ലേക്കോ ജനപ്രതിനിധിയായി പ്രവർത്തി ക്കുന്നതിനുള്ള അനുമതി സർവ്വകലാശാലകളുടെ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി കാലയളവ് ശൂന്യവേതന അവധിക്ക് സമാനമായി കണക്കാക്കാമെന്നും, ടി കാലാവധി പെൻഷൻ, ഇൻക്രിമെന്റ്, സീനിയോറിറ്റി എന്നിവയ്ക്ക് പരിഗണിക്കാമെന്നും കേരള/കാലിക്കറ്റ്/ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി കാലയളവ് ഔദ്യോഗിക സർവ്വീസിന്റെ ഭാഗമായി കണക്കാക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ബി) | കോവിഡ് നിയന്ത്രണങ്ങളുടെ കാലഘട്ടത്തിൽ ജീവനക്കാർക്ക് വർക്ക് അറ്റ് ഹോം സൗകര്യങ്ങൾ നൽകിയിരുന്ന സാഹചര്യത്തിലും ജനങ്ങൾക്കിടയിൽ സേവന വ്യാപൃതരായിരുന്ന എയ്ഡഡ് കോളേജ് അധ്യാപകരോ ജീവനക്കാരോ ആയിരുന്ന ജനപ്രതിനിധികൾക്ക് അവർ ജനപ്രതിനിധികളായി സേവനമനുഷ്ഠിച്ച കാലയളവ് ഔദ്യോഗിക സർവീസിന്റെ ഭാഗമാക്കി കണക്കാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | നിലവിൽ പരിഗണനയിലില്ല |
| (സി) | എയ്ഡഡ് കോളേജ് ജീവനക്കാരും എയ്ഡഡ് സ്കൂൾ ജീവനക്കാരും കേരള സബോർഡിനേറ്റ് ആൻഡ് സർവീസ് റൂൾസിന്റെ പരിധിയിൽ തുല്യമായ പരിഗണനയിൽ ഉൾപ്പെടുന്ന ജീവനക്കാരാണോ; ആണെങ്കിൽ ജനപ്രതിനിധികളായ എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും അധ്യാപകർക്കും നൽകുന്ന സർവീസ് ആനുകൂല്യങ്ങൾ എയ്ഡഡ് കോളേജ് ജീവനക്കാർക്കും | (സി) | അല്ല. എയ്ഡഡ് കോളേജുകളിലെ ജീവനക്കാർക്ക് ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകളും എയ്ഡഡ് സ്കൂളിലെ ജീവനക്കാർക്ക് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ (KER) വ്യവസ്ഥകളുമാണ് ബാധകമായുള്ളത്. |

| | | | |
|---|---|---|---|
| | അധ്യാപകർക്കും നൽകാതിരിക്കുന്നതിന് കാരണം വ്യക്തമാക്കുമോ; | | |
| (ഡി) | ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും അധ്യാപകർക്കും നൽകുന്ന സർവീസ് പ്രൊട്ടക്ഷൻ എയ്ഡഡ് കോളേജ് ജീവനക്കാർക്കും അധ്യാപകർക്കും കൂടി നൽകി ഈ കാര്യത്തിൽ തുല്യ നീതി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ